# യഹോവ എന്റെ ആശ്രയം

## യിരെമ്യാവ് 17:7–8

**"യഹോവയിൽ ആശ്രയിക്കുകയും യഹോവ തന്നെ ആശ്രയമായിരിക്കുകയും ചെയ്യുന്ന മനുഷ്യൻ ഭാഗ്യവാൻ; അവൻ വെള്ളത്തിനരികെ നട്ടിരിക്കുന്നതും ആറ്റരികെ വേരൂന്നിയിരിക്കുന്നതുമായ വൃക്ഷം പോലെയാകും."**

ആരാണ് ഭാഗ്യവാനായ മനുഷ്യൻ എന്ന് വ്യക്തമായി നമ്മെ മനസ്സിലാക്കി തരുന്ന ഒരു വചനഭാഗമാണിത്. ലോക പ്രകാരം നോക്കുമ്പോൾ ഒരു വ്യക്തിയെ നമ്മൾ അവന്റെ ജീവിത സാഹചര്യങ്ങളും ജീവിതാനുഭവങ്ങളും നോക്കി ഭാഗ്യവാൻ എന്നു വിളിക്കുമ്പോൾ വചനം നമ്മോട് വ്യക്തമായി പറയുന്നു യഹോവയിൽ ആശ്രയിക്കുന്ന മനുഷ്യനാണ് യഥാർഥ ഭാഗ്യവാൻ എന്ന്. അവന്റെ സാഹചര്യങ്ങൾ എന്തു തന്നെയായാലും യഹോവ അവന്റെ ആശ്രയമായതുകൊണ്ട് സന്തോഷവും സമാധാനവും അനുഭവിക്കാൻ കഴിയുന്നു. ഏതു കലാവസ്ഥയിലും ഏതു സാഹചര്യത്തിലും ഫലം പുറപ്പെടുവിക്കാൻ കഴിയുന്നു. അതു കൊണ്ട് ഒരിക്കലും നമ്മുടെ ആശ്രയത്വം മാറിപ്പോകരുത്. ഇന്ന് ദൈവം നമുക്ക് പല നന്മകളും ദാനമായി നൽകുമ്പോൾ നമ്മുടെ ആശ്രയം പലപ്പോഴും ദൈവത്തെ വിട്ട് ദൈവം തന്ന നന്മകളിൽ മാത്രമായി പോകാറുണ്ട്. ഏറ്റവും നിർഭാഗ്യകരമായ ഒരവസ്ഥയാണത്.

**സദൃ. വാക്യങ്ങൾ 3:5 "പൂർണ്ണ ഹൃദയത്തോടെ യഹോവയിൽ ആശ്രയിക്ക സ്വന്ത വിവേകത്തിൽ ഊന്നരുത്."**

ഇവിടെ പൂർണ്ണമായ ആശ്രയത്വം കർത്താവിൽ നമുക്ക് അർപ്പിക്കാൻ കഴിയണം. അതു നമ്മുടെ ബുദ്ധി കൊണ്ടോ, കഴിവു കൊണ്ടോ, ലോക ജ്ഞാനം കൊണ്ടോ അളക്കാൻ സാധിക്കില്ല. ഇല്ലാത്തതിനെ ഉള്ളതുപോലെ കാണാനുള്ള വിശ്വാസം നമുക്ക് ഉണ്ടാവണം. അവന് അസാദ്ധ്യമായിട്ട് ഒന്നുമില്ല എന്ന് വിശ്വസിക്കാൻ കഴിയണം, ആശ്രയിക്കാൻ കഴിയണം. അപ്പോൾ നമുക്ക് ദൈവത്തിന്റെ പ്രവൃത്തി കാണാൻ സാധിക്കും.

സാഹചര്യങ്ങൾ അനുകൂലമാവുമ്പോൾ മാത്രമല്ല ഏത് പ്രതികൂലങ്ങളിലും എനിക്ക് എന്റെ യേശു മതി എന്ന് പറയാൻ സാധിക്കണം. വിശ്വസിക്കാൻ കഴിയണം. ആശ്രയിക്കാനും സമർപ്പിക്കാനും കഴിയണം. അങ്ങനെയാണെങ്കിൽ തീർച്ചയായും അവൻ നമ്മെ വഴി നടത്തും. എന്നും, എപ്പോഴും, എവിടെയും.

**പരാമർശം :**

**സങ്കീർത്തനങ്ങൾ 118:8–10**

മനുഷ്യരിൽ ആശ്രയിക്കുന്നതിനേക്കാൾ യഹോവയിൽ ആശ്രയിക്കുന്നത് നല്ലത്; പ്രഭുക്കന്മാരിൽ ആശ്രയിക്കുന്നതിനേക്കാൾ യഹോവയിൽ ആശ്രയിക്കുന്നത് നല്ലത്. സകല

ജാതികളും എന്നെ ചുറ്റിവളഞ്ഞു; യഹോവയുടെ നാമത്തിൽ ഞാൻ അവരെ ഛേദിച്ചുകളയും

**സിസ്റ്റർ നീനു ബിനു ബേബി ആലപ്പുഴ 016**